"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പൊതുഭരണ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി. ബിനി. ബി.എം ന് കൊല്ലം ജില്ലാ പഞ്ചായത്തിൽ നിലവിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.3113/2025/LSGD തീയതി,തിരുവനന്തപുരം, 31-12-2025

---

പരാമർശം:- 1. സ.ഉ.(സാധാ) 2069/2023/LSGD തീയതി 21.10.2023.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 22.08.2025 തീയതിയിലെ LSGD/PD/25049/2025-DEE6 നമ്പർ കത്ത്.

**ഉത്തരവ്**

പൊതുഭരണ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി. ബിനി. ബി.എം കരൾ മാറ്റിവയ്ക്കുന്നതിൽ ദാതാവായി ശസ്ത്രക്രിയയ്ക്ക് വിധേയയായിട്ടുള്ളതിനാൽ ദീർഘ ദൂരം യാത്ര ചെയ്യുന്നത് ഒഴിവാക്കുന്നതിലേയ്ക്കായി കൊല്ലം ജില്ലാ പഞ്ചായത്തിൽ നിലവിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന നിയമന വ്യവസ്ഥയിൽ നിയമിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സമർപ്പിച്ച അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിലെ ജില്ലാ പഞ്ചായത്തുകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തി വന്നിരുന്ന 14 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികകൾ വകുപ്പിന്റെ കേഡർ തസ്തികകളാക്കി മാറ്റി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, ആയതിൽ 7 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ വകുപ്പിലെ യോഗ്യതയുള്ള ലോവർ ഡിവിഷൻ ടൈപ്പിസ്റ്റമാരിൽ നിന്ന് ബൈ പ്രൊമോഷൻ മുഖേനയും ബാക്കിയുള്ള 7 തസ്തികകളിൽ നേരിട്ടും നിയമനം നടത്തുന്നതിന് ഉത്തരവായിട്ടുള്ളതുമാണ്. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് ബൈ പ്രൊമോഷൻ മുഖേന നികത്തുന്നതിന് വേണ്ടി ഒഴിവ് നീക്കി വച്ച ജില്ലയിൽ, ടി തസ്തിക സൃഷ്ടിക്കപ്പെട്ട തീയതിയിൽ യോഗ്യരായ എൽ ഡി ടൈപ്പിസ്റ്റമാരില്ലെങ്കിൽ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഹെഡ്ക്വാർട്ടേഴ്സ് നിയമനം നേടിയ ഉദ്യോഗസ്ഥർക്ക് മാതൃജില്ലയിലെ ടി ഒഴിവിലേക്ക് സ്ഥലം മാറ്റം നൽകാവുന്നതാണെന്നും ടി ജീവനക്കാർക്ക് സ്ഥലംമാറ്റം നല്കുന്നതു മുഖേന ആസ്ഥാന കാര്യാലയത്തിലുണ്ടാകുന്ന ഒഴിവ് നേരിട്ടുള്ള നിയമനം മുഖേന നികത്തേണ്ടതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. കൊല്ലം ജില്ലാ പഞ്ചായത്തിൽ

തസ്തികമാറ്റ നിയമനത്തിന് മാറ്റിവെച്ചിട്ടുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ നിലവിൽ തസ്തികമാറ്റ പ്രകാരമോ DRB യിലേക്കുള്ള സ്ഥലമാറ്റ പ്രകാരമോ ഒഴിവ് നികത്തിയിട്ടില്ലായെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പൊതുഭരണ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (Scale of pay 43400-91200) ശ്രീമതി. ബിനി. ബി.എം ന് കൊല്ലം ജില്ലാ പഞ്ചായത്തിൽ നിലവിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ( Scale of pay 27900-63700) തസ്തികയിൽ മാനുഷിക പരിഗണന നല്കി ഒരു പ്രത്യേക കേസായി പരിഗണിച്ച് അന്യത്രസേവന വ്യവസ്ഥയിൽ നിലവിലുള്ള സേവന-വേതന വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷം പൂർത്തിയാകുന്നത് വരെയോ ടി ഒഴിവിലേയ്ക്ക് തസ്തികമാറ്റം/ സ്ഥലംമാറ്റം വഴി നിയമനം നടത്തുന്നത് വരെയോ രണ്ടിൽ എതാണോ ആദ്യം വരുന്നത് ആയതു പ്രാബല്യത്തിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 31-12-2025 14:31:36
സെക്ഷൻ ഓഫീസർ